പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 744 | 30.06.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ . രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആരോഗ്യ വകുപ്പ് നടത്തിയ പ്രവൃത്തികൾ വ്യക്തമാക്കുമോ; | എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ എം. എൽ. എ ഫണ്ടിൽ നിന്നും 67 ലക്ഷം രൂപ ചെലവിൽ ക്യാന്റീനും ഡോർമിറ്ററി ബ്ലോക്കും നിർമ്മിക്കുന്നതിന് സർക്കാറിന്റെ 12/08/2014- ലെ ജി.ഒ ( ആർ. ടി.) നം. 2745/2014/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. 30.12.2011 സർക്കാർ ഉത്തരവ് നമ്പർ 582/11/ആ.കു.വ പ്രകാരം ഒരു ദന്തൽ മെക്കാനിക്കിന്റെയും 27/11/12 ലെ സർക്കാർ ഉത്തരവ് നം. 396/2012/ആ.കു.വ പ്രകാരം 4 അസി.സർജന്റെയും, 10 സ്റ്റാഫ് നഴ്സിന്റെയും, 16/09/2014 ലെ 3074/14/ ആകുവ എന്ന ഉത്തരവ് പ്രകാരം ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 100 കിടക്കകൾ ഉള്ള നിലവിലുള്ള കെട്ടിടത്തിൽ പുതുതായി സർജറി, കണ്ണ് എന്നി വിഭാഗങ്ങൾക്കായി പ്രത്യേക ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുണ്ടായി. ബ്ലഡ് ബാങ്ക് ആരംഭിക്കാൻ വേണ്ട ഉപകരണങ്ങൾ ടി കാലയളവിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി നൽകിയിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ടി ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. ടി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി അടിസ്ഥാന സൗകര്യ വികസനത്തിന് 2015-16 ലെ നബാർഡ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനായുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. |
| സി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ടി യൂണിറ്റിനുള്ള കെട്ടിടത്തിന്റെ നവീകരണത്തിനായി 30 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ